**HADIA CSE Khutba Notes (24.02.2017)**

## വെള്ളത്തിന്റെ ഉപയോഗം: കരുതൽ ആവശ്യമാണ്

മനുഷ്യരെ സംബന്ധിച്ചിത്തോളം മാറ്റിനിർത്താൻ കഴിയാത്ത ഒന്നാണ് വെള്ളം. നമ്മെ പടച്ചതുതന്നെ വെള്ളത്തിൽ നിന്നാണ് (നൂർ: 45). ഭൂമിയുടെയും മനുഷ്യ ശരീരത്തിന്റെയും തലച്ചോറിന്റെയും മൂന്നിൽ രണ്ടു ഭാഗവും വെള്ളമാണ്. "പാനീയം പ്രാണിനാം പ്രാണം" (വെള്ളം ജീവികളുടെ ജീവനാണ്) എന്നാണല്ലോ ചൊല്ല്.

തിരുമേനി (സ്വ) പനി വന്നാൽ കുളിക്കാനായിരുന്നു സ്വഹാബത്തിനോട് പറഞ്ഞിരുന്നത്.

الْحُمَّى مِنْ فَيْحِ جَهَنَّمَ فَأَطْفِئُوهَا بِالْمَاءِ (بخاري)

പ്രമുഖ ജീവനാചാര്യനായ ഡോ. വർമ പറയുന്നു: മഴ നനയാൻ മടിക്കുന്ന ഒരേയൊരു ജീവി മനുഷ്യൻ മാത്രമാണ്. നമ്മുടെ ഞരമ്പുകളുടെ മൂന്നിൽ ഒന്നും ചർമത്തിൽ അവസാനിക്കുന്നതുകൊണ്ട് വെള്ളം നനയൽ വലിയ ഒരു വേദനാസംഹാരിയും നിരവധി രോഗങ്ങൾക്കുള്ള ചികിത്സയുമാണ്. (ജലചികിത്സ).

പ്രാവചകൻ മഴ നനയാറുണ്ടായിരുന്നു.

عن أنس قال أصابنا مطر فخرج رسول الله صلى الله عليه وسلم فحسر حتى أصابه المطر فقيل له لم صنعت هذا فقال إنه حديث عهد بربه (النسائي)

വെള്ളത്തെ അവിടന്ന് വിളിച്ചത് നോക്കൂ:

سيد الإدام فى الدنيا والآخرة اللحم وسيد الشراب فى الدنيا والآخرة الماء (طبراني)

മനുഷ്യ ജീവിതത്തിൽ വെള്ളത്തിന്റെ മഹത്വം സൂചിപ്പിക്കുന്നു ഇമാം സുഫ്യാനുസ്സൗരിയുടെ ഈ വാക്ക്:

قال : سمعت سفيان بن سعيد الثوري ، يقول : « إن لذاذة قول لا إله إلا الله في الآخرة ، كلذاذة شرب الماء البارد في الدنيا »

ഇത്രമേൽ നമ്മോട് ബന്ധപ്പെട്ടു കിടക്കുന്ന ഈ വെള്ളത്തിന്റെ കഠിനമായ ക്ഷാമമാണ് വരുന്ന രണ്ടു മൂന്നു മാസങ്ങളിൽ നമ്മെ കാത്തിരിക്കുന്നത്. ഇതിനെ മറികടക്കാൻ വിശ്വാസികളായ നാം ചില മുൻകരുതലുകൾ എടുക്കേണ്ടതുണ്ട്. ക്ഷാമം മുൻകൂട്ടിക്കണ്ട് ആവശ്യമായ ജാഗ്രതകൾ നേരത്തെത്തന്നെ എടുക്കണമെന്നാണല്ലോ യൂസുഫ് നബിയുടെ ചരിത്രം നൽകുന്ന ഒരു പാഠം. (സൂറത്തു യൂസുഫ്: 46–50)

ഒന്നാമതായി നാം ശ്രദ്ധിക്കേണ്ടത് ഉള്ള/ ലഭ്യമായ വെള്ളം പരമാവധി സംഭരിച്ച് വെക്കലാണ്. ഇതിനു വേണ്ടി നമുക്ക് കിണറുകൾ, കുളങ്ങൾ, തോടുകൾ... കുഴിക്കാം. ഇസ്ലാം ഇതിനു വലിയ പ്രാധാന്യം കൊടുത്തിട്ടുണ്ട്.

عَنْ سَعْدِ بْنِ عُبَادَةَ أَنَّهُ قَالَ

**HADIA CSE Khutba Notes (24.02.2017)**

## വെള്ളത്തിന്റെ ഉപയോഗം: കരുതൽ ആവശ്യമാണ്

يَا رَسُولَ اللَّهِ إِنَّ أُمَّ سَعْدٍ مَاتَتْ فَأَيُّ الصَّدَقَةِ أَفْضَلُ قَالَ الْمَاءُ
قَالَ فَحَفَرَ بِئْرًا وَقَالَ هَذِهِ لِأُمِّ سَعْدٍ (ابودود)

പ്രവാചകൻ മദീനയിൽനിന്ന് അൽപം അകലെയുള്ള ഒരു അരുവിയിൽനിന്ന് ശുദ്ധമായ വെള്ളം കൊണ്ടുവന്ന് എപ്പോഴും വീട്ടിൽ സൂക്ഷിക്കുമായിരുന്നു.

عَنْ عَائِشَةَ رضى الله عنها أَنَّ النَّبِىَّ –صلى الله عليه وسلم– كَانَ يُسْتَعْذَبُ لَهُ الْمَاءُ مِنْ بُيُوتِ السُّقْيَا. قَالَ قُتَيْبَةُ عَيْنٌ
بَيْنَهَا وَبَيْنَ الْمَدِينَةِ يَوْمَانِ (ابو دود)

ഉറങ്ങുന്ന സമയത്ത് രണ്ട് സാധനങ്ങളാണ് അവിടന്ന് കൈയെത്തും ദൂരത്ത് വെക്കാറുള്ളത്; മിസ്‌വാക്ക്, വെള്ളം നിറച്ച പാത്രം. തങ്ങളുടെ വീട്ടു വാതിലിനോട് ചേർന്ന് വെള്ളം നിറച്ച വലിയ ഒരു കൂജ വെക്കുമായിരുന്നു. ഒരിക്കൽ ഇതിൽ നോക്കിയാണ് സ്വഹാബികളെ കാണാൻ പ്രവാചകൻ മുഖവും താടി രോമങ്ങളും ശരിപ്പെടുത്തിയത്. അപ്പോൾ ആയിശ (റ) ക്കുണ്ടായ സംശയവും അതിനു നബി തങ്ങളുടെ മറുപടിയും ചരിത്രത്തിൽ കാണാം.

فقلت أوتفعل ذلك يا رسول الله فقال نعم إن الله يحب من عبده أن يتجمل لإخوانه إذا خرج إليهم (احياء)

യഥാർത്ഥത്തിൽ ദേശീയ ശരാശരിയെക്കാൾ മൂന്നിരട്ടി അധികം നമുക്ക് മഴ ലഭിക്കുന്നുണ്ട്. നമ്മുടെയത്ര മഴ ലഭിക്കാത്ത തമിഴ്നാട്, യാതൊരു ജലക്ഷാമവുമില്ലാതെ മുന്നോട്ടു പോകുമ്പോൾ നാം മൂന്നു മാസം വെള്ളമില്ലാതെ പ്രയാസപ്പെടുന്നതിനു ഒരു കാരണമുണ്ട്; കേരളം പതിനഞ്ച് 15-20 ഡിഗ്രി ചെരിഞ്ഞ് നിൽക്കുന്നതു കൊണ്ട് ഇവിടെ പെയ്യുന്ന മഴവെള്ളമെല്ലാം നേരെ അറബിക്കടലിലേക്ക് ഒലിച്ചു പോകുന്നു. ഇതിനു തടയിടണമെങ്കിൽ വർഷിക്കുന്ന മഴയെ നാം പരമാവധി പിടിച്ചുവെക്കുക.

രണ്ടാമതായി നമുക്ക് ചെയ്യാവുന്ന ഒന്ന്, ആളുകൾ വെള്ളത്തിന് പ്രയാസമനുഭവിക്കുമ്പോൾ ഉള്ളവർ ഇല്ലാത്തവർക്ക് പരമാവധി ദാനം ചെയ്യലാണ്. വെള്ളം എല്ലാവർക്കും ഉപയോഗിക്കാവുന്ന പൊതു സ്വത്താണെന്നാണ് ഇസ്‌ലാമിക പാഠം.

الْمُسْلِمُ أَخُو الْمُسْلِمِ يَسَعُهُمَا الْمَاءُ وَالشَّجَرُ وَيَتَعَاوَنَانِ عَلَى الْفَتَّانِ (ابو داود)

الْمُسْلِمُونَ شُرَكَاءُ فِي ثَلَاثٍ فِي الْكَلَإِ وَالْمَاءِ وَالنَّارِ (ابو دود)

« ثلاثة لا يحل منعها ، الماء والنار والملح » (رازي) فقالت عائشة يا رسول اللهذا الماء فما بال النار والملح قال « لها حميرآء من اعطى نارا فكأنما تصدق بجميع ما طبخ بتلك النار ومن اعطى ملحا فكأنما

## വെള്ളത്തിന്റെ ഉപയോഗം: കരുതൽ ആവശ്യമാണ്

تصدق بجميع ما طيب بذلك الملح ومن سقى شربة من الماء حيث لا يوجد الماء فكانما احيى نفسا »
(تفسير روح البيان)

ഈ വറുതിയുടെ കാലം മുതലെടുത്ത് സ്വന്തം കിണറ്റിലെ വെള്ളം കച്ചവടം ചെയ്യുന്ന ചിലരെ കാണാം. ഇത് നല്ലതല്ല.

عَنْ أَبِي الْمِنْهَالِ سَمِعْتُ إِيَاسَ بْنَ عَبْدٍ الْمُزَنِيَّ وَرَأَى نَاسًا يَبِيعُونَ الْمَاءَ فَقَالَ
لَا تَبِيعُوا الْمَاءَ فَإِنِّي سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ نَهَى أَنْ يُبَاعَ الْمَاءُ (ابن ماجه)
عن جابر ، قال : « نهى رسول الله صلى الله عليه وسلم عن بيع الماء والأنهار » (مسند الشاميين للطبراني)

(ഇമാം ശാഫിഈ (റ) യെ പോലെയുള്ളവർ ഈ ഹദീസുകളെ വ്യാഖ്യാനിക്കുന്നത്, അതിന്റെതന്നെ ഉൽഭവസ്ഥാനത്തിട്ട് വിൽക്കരുതെന്നാണ്. അങ്ങനെയല്ലെങ്കിൽ, വിൽപന അനുവദനീയമാണെങ്കിലും ഒരു നല്ല ഏർപാടല്ലെന്ന് ഹദീസ് പഠിപ്പിക്കുന്നുണ്ട്.).

മദീനയിലെ പ്രശസ്തമായ ബിഅ്റു റൂമാൻ ഒരു ജൂതൻ സ്വകാര്യവൽകരിച്ച് കച്ചവടം നടത്തിയിരുന്നതും അത് ഉസ്മാൻ (റ) പ്രവാചക കൽപന മാനിച്ച് വിലകൊടുത്തു വാങ്ങിയതുമായ ചരിത്രം നമുക്കറിയാമല്ലോ.

كان رومان –وهو رجل يهودي– يبيع الماء على أهل المدينة، فيأتون ويستسقون منه القربة بكذا أو الإناء بكذا، فضيق على المسلمين، فقال صلى الله عليه وسلم: ( من يشتري بئر رومان، يوسع به على المسلمين، وله الجنة ) فذهب عثمان رضي الله تعالى عنه إلى رومان وساومه على البئر، فامتنع؛ لأنها مورد كسبه، فقال: لا أبيعها أبداً.

فأعطاه وساومه إلى أقصى حد، قال: هلاّ بعتني نصفه، وساومه على النصف بقريب من ثمن الجميع، فرضي وفرح رومان ، وباعه نصف البئر، فلما امتلك عثمان نصف البئر، اتفقا على تناصف البئر، على أن يكون يوم لعثمان ، ويوم لرومان ، ولما اتفقا على ذلك، أعلن عثمان لأهل المدينة: اليوم الفلاني لعثمان ، واليوم الفلاني لرومان ففي يوم عثمان من أراد الماء مجاناً فليأخذه، فكان الناس يأخذون الماء في يوم عثمان ، وكان رومان ينتظر في يومه فلا يأتي إليه أحد؛ لأنهم اكتفوا بماء الأمس –ماء عثمان – فأتى رومان وقال لعثمان : اشتر الباقي.

قال: لست في حاجة إليه، وهذه بصيرة المسلم! ( اتقوا فراسة المؤمن فإنه يرى بنور الله ) (شرح بلوغ المرام)

തന്റെ ആവശ്യം കഴിഞ്ഞാൽ പിന്നെ ഒരിക്കലും മറ്റുള്ളവർക്ക് നൽകാതെ വെള്ളം പിടിച്ചു വെക്കരുത്. ഇത്തരം ആളുകൾക്കാണ് വൈൽ എന്ന നരകം എന്ന് സൂറത്തു മാഊൻ പഠിപ്പിക്കുന്നു.

HADIA CSE Khutba Notes (24.02.2017)

## വെള്ളത്തിന്റെ ഉപയോഗം: കരുതൽ ആവശ്യമാണ്

മാഊൻ (നിസാരമായ വസ്തു) എന്നതിനെ വെള്ളം എന്നും പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്.

حدثني قرة بن دعموص النميري: أنهم وفدوا على رسول الله صلى الله عليه وسلم فقالوا: يا رسول الله، ما تعهد إلينا؟ قال: "لا تمنعون الماعون". قالوا: يا رسول الله، وما الماعون؟ قال: "في الحَجَر، وفي الحديدة، وفي الماء" (ابن كثير)

ഇതേ ആശയത്തിലുള്ള ചില ഹദീസുകൾ:

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ
عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ ثَلَاثَةٌ لَا يُكَلِّمُهُمْ اللَّهُ يَوْمَ الْقِيَامَةِ وَلَا يَنْظُرُ إِلَيْهِمْ رَجُلٌ حَلَفَ عَلَى سِلْعَةٍ لَقَدْ أَعْطَى بِهَا أَكْثَرَ مِمَّا أَعْطَى وَهُوَ كَاذِبٌ وَرَجُلٌ حَلَفَ عَلَى يَمِينٍ كَاذِبَةٍ بَعْدَ الْعَصْرِ لِيَقْتَطِعَ بِهَا مَالَ رَجُلٍ مُسْلِمٍ وَرَجُلٌ مَنَعَ فَضْلَ مَاءٍ فَيَقُولُ اللَّهُ الْيَوْمَ أَمْنَعُكَ فَضْلِي كَمَا مَنَعْتَ فَضْلَ مَا لَمْ تَعْمَلْ يَدَاكَ (بخاري) و في رواية اخري رَجُلٌ كَانَ لَهُ فَضْلُ مَاءٍ بِالطَّرِيقِ فَمَنَعَهُ مِنَ ابْنِ السَّبِيلِ .

عن مالك بن أبي ثعلبة ، عن أبيه ، أن رسول الله صلى الله عليه وسلم قضى في وادي مهزور أن الماء يحبس إلى الكعبين ثم يرسل ، لا يمنع الأعلى الأسفل . (معرفة الصحابة)

വെള്ളം ദാനം ചെയ്യുന്നത് വളരെ പുണ്യകരമാണെന്ന് നിരവധി ഹദീസുകൾ പഠിപ്പിക്കുന്നുണ്ട്.

.... يُحَدِّثُ رَجُلا، أَنَّهُ سَأَلَ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَنْ عَمَلٍ يُدْخِلُهُ الْجَنَّةَ، فَقَالَ:"هَلْ مِنْ وَالِدَيْكَ أَحَدٌ حَيٌّ؟"قَالَ: لا، سَأَلَهُ ثَلاثًا، قَالَ:"اسْقِ الْمَاءَ، احْمِلْهُ إِلَيْهِمْ إِذَا غَابُوا، وَاكْفِهِمْ إِيَّاهُ إِذَا حَضَرُوا" (طبراني)
"مَنْ أَطْعَمَ أَخَاهُ خُبْزًا حَتَّى يُشْبِعَهُ، وَسَقَاهُ حَتَّى يَرْوِيَهُ بَعَّدَهُ اللَّهُ مِنَ النَّارِ سَبْعَ خَنَادِقَ" (حاكم)

عَنْ أَبِي سَعِيدٍ الْخُدْرِيِّ
عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ أَيُّمَا مُسْلِمٍ كَسَا مُسْلِمًا ثَوْبًا عَلَى عُرْيٍ كَسَاهُ اللَّهُ مِنْ خُضْرِ الْجَنَّةِ وَأَيُّمَا مُسْلِمٍ أَطْعَمَ مُسْلِمًا عَلَى جُوعٍ أَطْعَمَهُ اللَّهُ مِنْ ثِمَارِ الْجَنَّةِ وَأَيُّمَا مُسْلِمٍ سَقَى مُسْلِمًا عَلَى ظَمَإٍ سَقَاهُ اللَّهُ مِنْ الرَّحِيقِ الْمَخْتُومِ (ابودود)
إفراغك من دلوك في دلو أخيك صدقة (الادب المفرد)
" لا تَحْقِرَنَّ مِنَ الْمَعْرُوفِ شَيْئاً وَلَو أَنْ تُفْرِغَ مِنْ دَلْوِكَ فِي إِنَاءِ الْمُسْتَسْقِي " (بخاري)

## വെള്ളത്തിന്റെ ഉപയോഗം: കരുതൽ ആവശ്യമാണ്

عن كدير الضبي ، قال : أتى أعرابي النبي صلى الله عليه وسلم ، فقال : نبئني بعمل يدخلني الجنة ويباعدني من النار ؟ قال : « تقول العدل وتعطي الفضل » قال : هذا شديد لا أستطيع أن أقول العدل كل ساعة ، ولا أن أعطي فضل مالي ، قال : « فأطعم الطعام وأفش السلام » ، قال : وهذا شديد والله ، قال : « هل لك إبل ؟ » قال : نعم ، قال : « انظر بعيرا (1) من إبلك ، وسقاء فاسق أهل بيت لا يشربون الماء إلا غبا (2) فلعلك أن لا يهلك بعيرك ، ولا أن ينخرق سقاؤك حتى تجب لك الجنة » ، قال : فانطلق يكبر ثم أنه بعد استشهد (بيهقي)

ഒരിക്കൽ അബ്ദുല്ലാഹിബ്നു മുബാറക്കിനോട് തന്റെ ഉണങ്ങാത്ത മുറിവിനെപ്പറ്റി ഒരാൾ പരാതി പറഞ്ഞു. അദ്ദേഹം ഒരു കിണറ് ആളുകൾക്ക് വേണ്ടി കുഴിച്ചുകൊടുക്കാനാണ് കൽപിച്ചത്. ഇങ്ങനെ ചെയ്തപ്പോൾ അയാളുടെ അസുഖം ഭേദമായി (ബൈഹഖി).

മൂന്നാമതായി വിശ്വാസികളായ നാം ശ്രദ്ധിക്കേണ്ടത് അവശേഷിക്കുന്ന വെള്ളക്കെട്ടുകളെ മലിനമാക്കാതിരിക്കുക എന്നതാണ്. സാധാരണ പുഴയിലും മറ്റുമൊക്കെ വെള്ളം കുറയുമ്പോൾ വിഷം കലക്കി മീൻ പിടിക്കുന്നതും മറ്റുമൊക്കെ കണ്ടുവരാറുള്ളതാണ്. ഇങ്ങനെ പൊതുവായ ജലസ്രോതസ്സുകളെ മലിനമാക്കുന്നത് ശരിയല്ല.

لاَ يَبُولَنَّ أَحَدُكُمْ فِي الْمَاءِ الدَّائِمِ الَّذِي لاَ يَجْرِي ثُمَّ يَغْتَسِلُ فِيهِ

أخرجه البخاري

ലോകത്തെ ആകെ രോഗങ്ങളിൽ അഞ്ചിൽ നാലും മലിന ജലത്തിൽനിന്ന് വരുന്നതാണെന്ന് നാം അറിയുക.

ഏറ്റവും പരമപ്രധാനമായ മറ്റൊന്നാണ് ഒരിക്കലും വെള്ളം ധൂർത്തടിച്ച് കളയാതിരിക്കുക എന്നത്. പ്രത്യേകിച്ച് ഇബാദത്തിന്റെ ഭാഗമായ വുളൂഇനും കുളിക്കുമൊക്കെ യഥേഷ്ടം വെള്ളമെടുക്കാമെന്ന ചിന്ത ചിലർക്കുണ്ട്. നബി (സ) കേവലം ഒരു മുദ്ദുകൊണ്ട് വുളൂ എടുക്കുകയും നാലു മുദ്ദുകൊണ്ട് (ഏകദേശം നാലു കപ്പ്) നിർബന്ധമായ കുളി കുളിക്കുകയും ചെയ്തു.

ഇത്തരം കാര്യങ്ങൾക്ക് അമിതമായി ജലം ഉപയോഗിക്കുന്നത് ഒരുതരം വസ്വാസാണ്.

إِنَّ لِلْوُضُوءِ شَيْطَانًا يُقَالُ لَهُ الْوَلَهَانُ فَاتَّقُوا وَسْوَاسَ الْمَاءِ (ترمذي)

حكي عن ابن عقيل أن رجلا لقيه فقال له إني أغسل العضو فأقول ما غسلته، وأكبر فأقول ما كبرت.

فقال ابن عقيل: دع الصلاة فإنها لا تجب عليك فقال قوم لابن عقيل: كيف ؟ فقال لهم: قال رسول الله (ص): رفع القلم عن المجنون حتى يفيق ومن يكبر وهو يقول ما كبرت فهذا مجنون، والمجنون لا تجب عليه الصلاة. (اعانة)

## വെള്ളത്തിന്റെ ഉപയോഗം: കരുതൽ ആവശ്യമാണ്

ഇത്തരക്കാരെ നബി തങ്ങൾ ദീർഘദർശനം ചെയ്തു.

إِنَّهُ سَيَكُونُ فِي هَذِهِ الْأُمَّةِ قَوْمٌ يَعْتَدُونَ فِي الطَّهُورِ وَالدُّعَاءِ (ابن ماجة)

അംഗസ്നാനം/ നിർബന്ധ കുളി എന്നു പറയുന്നത് ഒരിക്കലും ശരീരം വൃത്തിയാക്കാൻ വേണ്ടിയുള്ള ഒരു കഴുകലല്ല. ചിലയാളുകളുടെ രീതി കണ്ടാൽ അങ്ങനെ തോന്നിപ്പോകും.

عَنْ عَمْرِو بْنِ شُعَيْبٍ عَنْ أَبِيهِ عَنْ جَدِّهِ
أَنَّ رَجُلًا أَتَى النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ يَا رَسُولَ اللَّهِ كَيْفَ الطُّهُورُ فَدَعَا بِمَاءٍ فِي إِنَاءٍ فَغَسَلَ كَفَّيْهِ ثَلَاثًا ثُمَّ غَسَلَ وَجْهَهُ ثَلَاثًا ثُمَّ غَسَلَ ذِرَاعَيْهِ ثَلَاثًا ثُمَّ مَسَحَ بِرَأْسِهِ فَأَدْخَلَ إِصْبَعَيْهِ السَّبَّاحَتَيْنِ فِي أُذُنَيْهِ وَمَسَحَ بِإِبْهَامَيْهِ عَلَى ظَاهِرِ أُذُنَيْهِ وَبِالسَّبَّاحَتَيْنِ بَاطِنَ أُذُنَيْهِ ثُمَّ غَسَلَ رِجْلَيْهِ ثَلَاثًا ثَلَاثًا ثُمَّ قَالَ هَكَذَا الْوُضُوءُ فَمَنْ زَادَ عَلَى هَذَا أَوْ نَقَصَ فَقَدْ أَسَاءَ وَظَلَمَ أَوْ ظَلَمَ وَأَسَاءَ (ابو دود)

ഇമാം ഗസ്സാലി പറയുന്നു: ശുദ്ധി പല തരത്തിലുണ്ട്. ഹൃദയ ശുദ്ധി, ആത്മശുദ്ധി, ശാരീരിക ശുദ്ധി....... ഇതിൽ ഏറ്റവും പ്രധാനം ഹൃദയ ശുദ്ധിയാണ്. ഇതിന് പരിഗണന കൊടുക്കാതെ ബാഹ്യശുദ്ധിയിൽ കൂടുതൽ ഊന്നിയതുകൊണ്ട് കാര്യമില്ല. അദ്ദേഹം പറയുന്നത് കാണുക:

...نعم من عميت بصيرته عن تفاوت هذه الطبقات لم يفهم من مراتب الطهارة إلا الدرجة الأخيرة التي هي كالقشرة الأخيرة الظاهرة بالإضافة إلى اللب المطلوب، فصار يمعن فيها ويستقصي في مجاريها ويستوعب جميع أوقاته في الاستنجاء وغسل الثياب وتنظيف الظاهر وطلب المياه الجارية الكثيرة ظناً منه بحكم الوسوسة وتخيل العقل أن الطهارة المطلوبة الشريفة هي هذه فقط وجهالة بسيرة الأولين واستغراقهم جميع الهم والفكر في تطهير القلب وتساهلهم في أمر الظاهر، حتى إن عمر رضي الله عنه مع علو منصبه توضأ من ماء في جرة نصرانية، وحتى إنهم ما كانوا يغسلون اليد من الدسومات والأطعمة بل كانوا يمسحون أصابعهم بأخمص أقدامهم وعدوا الأشنان من البدع المحدثة، ولقد كانوا يصلون على الأرض في المساجد ويمشون حفاة في الطرقات، ومن كان لا يجعل بينه وبين الأرض حاجزاً في مضجعه كان من أكابرهم، وكانوا يقتصرون على الحجارة في الاستنجاء. وقال أبو هريرة وغيره من أهل الصفة: "كنا نأكل الشواء فتقام الصلاة فندخل أصابعنا في الحصى ثم نفركها بالتراب ونكبر " وقال عمر رضي الله عنه: " ما كنا نعرف الأشنان في عرص رسول الله صلى الله عليه وسلم وإنما كانت مناديلنا بطون أرجلنا كنا إذا أكلنا الغمر مسحنا بها " ويقال أول ما ظهر من البدع بعد رسول الله صلى الله عليه وسلم أربع: المناخل والأشنان والموائد والشبع. فكانت عنايتهم كلها بنظافة الباطن حتى قال بعضهم: الصلاة في النعلين أفضل " لأن رسول الله صلى الله عليه وسلم لما نزع نعليه في صلاته بإخبار جبريل عليه السلام (احياء كتاب اسرار الطهاره)

HADIA CSE Khutba Notes (24.02.2017)

## വെള്ളത്തിന്റെ ഉപയോഗം: കരുതൽ ആവശ്യമാണ്

വെള്ളം അമിതമായി ചെലവാവാതിരിക്കാൻ ഇപ്പോൾ നമുക്ക് ചെയ്യാവുന്ന ഒരു മാർഗമാണ് വുളൂ എടുക്കാൻ ഹൗള് (പൊതു സംവിധാനം) ഉപയോഗിക്കുകയും 'ടാപ്പ്' ഒഴിവാക്കുകയും ചെയ്യുക. ടാപ്പിൽനിന്ന് സാധാരണ ഗതിയിൽ വുളൂ എടുത്താൽ അഞ്ച് ലിറ്റർ വെള്ളമെങ്കിലും പാഴാവാം.

**عن ابن عمر قال : قيل يا رسول الله الوضوء من خدخد أحب إليك أم من المطاهر قال : لا بل من المطاهر أن دين الله الحنيفية السمحة قال : و كان رسول الله صلى الله عليه و سلم يبعث إلى المطاهر فيؤتى بالماء فيشربه أو قال فيشرب يرجوا بركة أيدي المسلمين (بيهقي)**

ഇതൊന്നും ശ്രദ്ധിക്കാതെ ഇനിയും നാം മുന്നോട്ടു പോവുകയാണെങ്കിൽ അവശേഷിക്കുന്ന ജലസ്രോതസ്സുകളും അല്ലാഹു തിരിച്ചെടുക്കാം. ഇതാണ് സബഅ് നാട്ടിൽ നടന്നത്.

**لَقَدْ كَانَ لِسَبَإٍ فِي مَسْكَنِهِمْ آيَةٌ جَنَّتَانِ عَنْ يَمِينٍ وَشِمَالٍ كُلُوا مِنْ رِزْقِ رَبِّكُمْ وَاشْكُرُوا لَهُ بَلْدَةٌ طَيِّبَةٌ وَرَبٌّ غَفُورٌ (15) فَأَعْرَضُوا فَأَرْسَلْنَا عَلَيْهِمْ سَيْلَ الْعَرِمِ وَبَدَّلْنَاهُمْ بِجَنَّتَيْهِمْ جَنَّتَيْنِ ذَوَاتَيْ أُكُلٍ خَمْطٍ وَأَثْلٍ وَشَيْءٍ مِنْ سِدْرٍ قَلِيلٍ (سبأ)**

ശുദ്ധ ജലം ഉയർത്തപ്പെടുന്നത് അന്ത്യനാളിന്റെ അടയാളമാണെന്ന് നബി തങ്ങൾ പറഞ്ഞിട്ടുണ്ട്.

(വർഷത്തിൽ 3000 മില്ലിലിറ്റർ മഴയും 44 നദികളും 33 ഡാമുകളും 45 ലക്ഷം കിണറുകളും ഉള്ള നാടാണ് നമ്മുടെ കൊച്ചു കേരളം. എന്നാൽ, ചരിത്രത്തിലെ തന്നെ വലിയ ഒരു വരൾച്ചയിലൂടെയാണ് ഇപ്രാവശ്യം നാം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. വരും ദിവസങ്ങളിൽ അത് കൂടുതൽ രൂക്ഷമാവും. സാധാരണ നമുക്ക് ലഭിക്കാറുള്ള ഇടവപ്പാതിയും തുലാവർഷത്തിലും വേനൽ മഴയിലും വലിയ കുറവാണ് ഇവ്വർഷത്തിൽ സംഭവിച്ചത്. അതുകൊണ്ട് ഈ പ്രതിസന്ധിയെ തരണം ചെയ്യാൻ വിശ്വാസികൾ എന്ന നിലക്ക് നമുക്ക് എന്ത് ചെയ്യാനാവുമെന്ന് നാം ആലോചിക്കുക. പ്രത്യേകിച്ച് വെള്ളം ഉപയോഗിക്കുന്നതിൽ നാം കാണിക്കേണ്ട കരുതലിനെപ്പറ്റിയും മറ്റും ആളുകളെ തര്യപ്പെടുത്തുക. ഇന്നത്തെ നോട്ട് ഒരു വർഷം മുമ്പ് പ്രസിദ്ധീകരിച്ചതാണെങ്കിലും വിഷയത്തിന്റെ പ്രസക്തിയും പ്രാധാന്യവും ഗൗരവവും മനസ്സിലാക്കികയാണ് അത് പുന:പ്രസിദ്ധീകരിക്കുന്നത്).

**ഖുതുബ നോട്ട്സ്**

**HADIA Centre for Social Excellence (CSE)**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in

**For any clarification: 9496445823**

**Visit: www.hadia.in, www.islamonweb.net**

Follow our updates & like us: https://www.facebook.com/HADIACSE/